(ബി) കാസർഗോഡ് ജില്ലയിൽ മലയോര താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഇതു കണക്കിലെടുത്ത് സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്.

സൗജന്യ ഇൻഷ്വറൻസ് പദ്ധതി

236 [380] ശ്രീ. പി. എസ്. സുപാൽ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) ഈ പദ്ധതിയിൻ കീഴിൽ മൊത്തം എത്ര വിദ്യാർത്ഥികൾക്ക് സഹായം ലഭിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ പദ്ധതി നിർത്തലാക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1989-90 അദ്ധ്യയന വർഷം മുതലാണ് സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത്.

(ബി) 14-8-2002 മുതൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം 1093 കുട്ടികൾക്ക് ടി പദ്ധതിയുടെ സഹായം ലഭിച്ചിട്ടുണ്ട്. 1989 മുതൽ 13-8-2002 വരെ ഈ പദ്ധതി ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തിരമാണ് നടന്നുവന്നത്. ആ കാലയളവിൽ സഹായം ലഭിച്ച കുട്ടികളുടെ വിവരം ശേഖരിച്ചു നല്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly